# പൂന്തുറ പുലിമുട്ട് നിർമ്മാണോദ്ഘാടനം.

തിരുവനന്തപുരം,
24-11-2009.

പൂന്തുറ പുലിമുട്ട് നിർമ്മാണത്തിന്റെ ഉദ്ഘാടനം ഏറെ സന്തോഷത്തോടെ നിർവഹിച്ചതായി അറിയിക്കുന്നു. രൂക്ഷമായ കടലാക്രമണം തടഞ്ഞു നിർത്തുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകുന്നതിനുള്ള പ്രയാസങ്ങൾ പരിഹരിക്കുന്നതിനും വേണ്ടിയാണ് പുലിമുട്ട് നിർമ്മിക്കുന്നത്. ഒന്നേകാൽ കിലോമീറ്റർ നീളമുള്ള തീരപ്രദേശത്ത് മൊത്തം 360 മീറ്റർ നീളമുള്ള എട്ട് പുലിമുട്ടുകളാണ് ഇവിടെ നിർമ്മിക്കുന്നത്. മൂന്നു മാസംകൊണ്ട് പൂർത്തിയാക്കാൻ ലക്ഷ്യമിട്ടാണ് പണി തുടങ്ങുന്നത്. പന്ത്രണ്ടാം ധനകാര്യകമ്മീഷന്റെ കാലാവധി 2010 മാർച്ച് 31ന് അവസാനിക്കുകയാണ്. അതിനു മുമ്പെങ്കിലും, അതായത്, നാലു മാസമെടുത്തിട്ടെങ്കിലും നിർമ്മാണം പൂർത്തിയാക്കണമെന്നാണെനിക്ക് നിർദ്ദേശിക്കാനുള്ളത്. കരാറുകാരും ഉദ്യോഗസ്ഥരും തൊഴിലാളികളുമെല്ലാം ചേർന്ന് അതിനായി ഉത്സാഹിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പന്ത്രണ്ടാം ധനകാര്യകമ്മീഷൻ അവാർഡ് പ്രകാരം കടലാക്രമണം തടയുന്നതിനുള്ള വിവിധ പദ്ധതികൾക്കായി 175 കോടി രൂപയാണ് അനുവദിച്ചത്. അതിൽ 21 പുലിമുട്ടുകൾ നിർമ്മിക്കേണ്ടതിൽ പതിനൊന്നിന്റെയും പണി പൂർത്തിയായിക്കഴിഞ്ഞു. ശേഷിച്ച പത്തെണ്ണത്തിന്റെ പണി മൂന്നു മാസത്തിനകം പൂർത്തീകരിക്കാനാകും. അതുപോലെ സുനാമി പുനരുദ്ധാരണ പദ്ധതിപ്രകാരം പതിനഞ്ച് പുലിമുട്ടുകൾ നിർമ്മിക്കേണ്ടതിൽ രണ്ടെണ്ണം പൂർത്തിയാകുകയും പതിമൂന്നെണ്ണം പൂർത്തീകരണത്തിലേക്ക് നീങ്ങുകയുമാണ്. പന്ത്രണ്ടാം ധനകാര്യകമ്മീഷൻ അവാർഡും സുനാമി പദ്ധതിയുമായി ബന്ധപ്പെട്ട് മൊത്തം 295 കോടി രൂപയുടെ കടൽ സുരക്ഷാ പ്രവൃത്തികളാണ് നടക്കുന്നത്. രണ്ട് പദ്ധതികൾ പ്രകാരമുള്ള പ്രവൃത്തികളും മാർച്ച് 31നകം ഏറെക്കുറെ പൂർത്തിയാകും. കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും സുനാമി പുനരധിവാസ പദ്ധതികളുടെയും വിനിയോഗത്തിൽ കേരളം വളരെ പിറകിലാണെന്ന കുപ്രചാരണം പല ഭാഗത്തു നിന്നും ഉയരുന്നുണ്ട്. കേരളത്തെ എല്ലാ കാര്യത്തിലും അവഗണിക്കുകയും പദ്ധതികൾ അനുവദിക്കാതിരിക്കുകയും ചെയ്യുന്ന കേന്ദ്ര സമീപനത്തെ വെള്ളപൂശാനാണ് ഈ പ്രചാരണം. കഴിഞ്ഞ കാലവർഷക്കാലത്തും തൊട്ടു മുമ്പത്തെ

വർഷം വേനൽ മഴയിലും കനത്ത നാശനഷ്ടമുണ്ടായപ്പോൾ അർഹതപ്പെട്ട ദുരിതാശ്വാസ ഗ്രാന്റ് നൽകാൻ കേന്ദ്രം തയ്യാറായില്ല. നിവേദനം കൊടുത്താൽ ഉന്നതോദ്യോഗസ്ഥരുടെ സംഘത്തെ അയക്കും. അവർ വന്ന് പഠിച്ച് റിപ്പോർട്ട് നൽകും. പക്ഷേ, പണം നൽകുന്നില്ല. കേന്ദ്രത്തിൽനിന്ന് അർഹതപ്പെട്ട പണം കിട്ടുമെന്ന് പ്രതീക്ഷിച്ച് സംസ്ഥാന ഗവർമെണ്ട് നഷ്ടപരിഹാരം നൽകി. എന്നാൽ നിയമാനുസൃതം നൽകേണ്ട തുക അനുവദിക്കാൻ കേന്ദ്രം തയ്യാറാകുന്നില്ല. ഇത്തരം അവഗണനക്കു മറയിടാൻ കള്ളപ്രചാരണം നടത്തുകയാണ് കേന്ദ്ര ഭരണകക്ഷിയുമായി ബന്ധപ്പെട്ടവർ.

എന്നാൽ വാസ്തവം അതല്ല. സുനാമി പുനരധിവാസവുമായി ബന്ധപ്പെട്ട അടിയന്തര സഹായ പദ്ധതി പൂർത്തിയായിക്കഴിഞ്ഞു. 253 കോടി ചെലവിലാണ് സഹായപദ്ധതി നടപ്പാക്കിയത്. ദീർഘകാല പദ്ധതിയുൾപ്പെടെ സുനാമി പുനരധിവാസ പദ്ധതിയിൽ ഏതാണ്ട് മുക്കാൽ ഭാഗവും പൂർത്തിയായിക്കഴിഞ്ഞു. 1148 കോടി രൂപയുടെ പദ്ധതിയിൽ 825 കോടി രൂപയുടെ പദ്ധതികളാണ് പൂർത്തിയായത്. 323 കോടി രൂപയുടെ പദ്ധതികൾ പുരോഗമിക്കുന്നു. അത്രയും തുക ഇനിയും കേന്ദ്രം അനുവദിക്കേണ്ടതായിട്ടാണിരിക്കുന്നത്. അടുത്ത മാർച്ച് 31നകം സുനാമി പുനരധിവാസ പദ്ധതികൾ മുഴുവൻ പൂർത്തിയാക്കി കമ്മീഷൻ ചെയ്യും. ഒമ്പത് ജില്ലകളിലെ തീരദേശങ്ങളുടെ സമ്പൂർണ വികസനമാണ് അതിലൂടെ യാഥാർത്ഥ്യമാകുന്നത്. പദ്ധതികൾ പൂർണ വിജയത്തിലെത്തിക്കാൻ മുഴുവനാളുകളും സഹകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

**നന്ദി, നമസ്കാരം.**